# കേരളത്തെ സ്വാധീനിച്ച വിവേകോദയം

വിവേകാനന്ദാദി യതീന്ദ്രന്മാരെയും രബീന്ദ്രാദി കവീന്ദ്രന്മാരെയും ആളഹാവിൽ ആവാഹിച്ചാണ് താൻ വംഗദേശത്തു നിന്നും മലയാളമണ്ണിലെത്തിയതെന്ന് മഹാകവി കുമാരനാശാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ പ്രഥമ സെക്രട്ടറിയായിരുന്ന ആശാൻ യോഗത്തിന്റെ മുഖപത്രത്തിന് 'വിവേകാദയം' എന്ന നാമം തന്നെ നൽകി. ആശാന് സ്വാമിജിയോടുണ്ടായിരുന്ന അനൽപമായ ആദരവിന് മറ്റൊരു സാക്ഷിപത്രം വേണ്ട.

ശ്രീനാരായണഗുരുദേവൻ തന്റെ പേരിലൊരു പ്രസ്താവന പ്രസിദ്ധപ്പെടുത്തുന്നതിന് 'വിവേകോദയത്തെ'യല്ല തിരഞ്ഞെടുത്തതെന്ന വസ്തുതയ്ക്ക് സമകാലീന പ്രസക്തിയുണ്ട്. 'താൻ യാതൊരു ജാതിയുടെയോ മതത്തിന്റെയോ മറ്റ് വിഭാഗത്തിന്റെയോ പ്രതിനിധി അല്ല' എന്നുള്ള പ്രഖ്യാപനം ഗുരുദേവൻ നടത്തിയത്, ശ്രീരാമകൃഷ്ണസംഘത്തിന്റെ മുഖപത്രമായ 'പ്രബുദ്ധകേരളം' മാസികയിലൂടെയായിരുന്നു.

ഈ വർഷം 'പ്രബുദ്ധകേരള'ത്തിന്റെ ശതാബ്ദിയാഘോഷം നടന്നുകൊണ്ടിരിക്കുകയാണ്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ' ആഹ്വാനം ചെയ്ത ഗുരുദേവനെപ്പോലെ 'പ്രബുദ്ധകേരളം' ആരംഭിച്ച നിർമ്മലാനന്ദസ്വാമികളും കേരളത്തെ നവോത്ഥാനത്തിന്റെ നവയുഗത്തിലേക്ക് നയിക്കാൻ കഠിനപ്രയത്നം ചെയ്ത മഹാത്മാവാണ്. സ്വാമി വിവേകാനന്ദൻ കണ്ട ഭ്രാന്താലയത്തെ ചികിത്സിക്കാനെത്തിയ ഭിഷഗ്വരനായിരുന്നു, സ്വാമിജിയുടെ സഹോദരസംന്യാസിയായ നിർമ്മലാനന്ദസ്വാമികൾ. 'യതിശാർദ്ദൂലൻ' എന്ന് കുമാരനാശാനാൽ വിശേഷിപ്പിക്കപ്പെട്ട നിർമ്മലാനന്ദസ്വാമികളാണ് കേരളത്തിൽ വിവേകാനന്ദ സന്ദേശപ്രചാരണത്തിന് നേതൃത്വം നൽകിയത്.

ആത്മജേതാവായ ഒരു സംന്യാസിയെ താൻ ആദ്യമായി കാണുന്നത് വി.കെ.കൃഷ്ണമേനോൻ തൃശൂരിൽ ആരംഭിച്ച 'വിവേകോദയം സമാജ'ത്തിലെ ശ്രീകോവിലിൽ വെച്ചായിരുന്നുവെന്ന് സ്വാമി ചിന്മയാനന്ദൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന സവിശേഷസ്ഥാനത്തിന് തൃശ്ശൂർ നഗരം അർഹമായതിൽ 'വിവേകോദയം സമാജം' വഹിച്ച പങ്ക് ശ്രദ്ധേയമാണ്.

തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമല്ല, മലബാറിലും 'വിവേകോദയം' ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ സംഭവിച്ചു കഴിഞ്ഞിരുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ സമ്മേളനം, പിണറായിലുള്ള പാറപ്പുറത്തെ വിവേകാനന്ദ വായനശാലയിൽ വെച്ചായിരുന്നുവല്ലോ നടന്നത്.

സ്വാമി വിവേകാനന്ദന്റെ ജന്മനാടായ ബംഗാൾ കഴിഞ്ഞാൽ ഒരു കാലത്ത് ആ മഹാത്മാവിന്റെ സ്വാധീനം ശക്തമായിരുന്നത് കേരളത്തിലായിരുന്നു. സോഷ്യലിസം പകുതി അപ്പമെങ്കിലും നൽകുമെന്നതിനാൽ കഴിക്കാൻ ഒന്നുമില്ലാത്ത അവസ്ഥയേക്കാൾ എന്തുകൊണ്ടും അത് നല്ലതാണെന്നും അതുകൊണ്ടുതന്നെ താനൊരു സോഷ്യലിസ്റ്റാണെന്നുമുള്ള സ്വാമി വിവേകാനന്ദന്റെ പ്രസ്താവന സാന്ദർഭികമായി കേരളത്തിൽ ആഘോഷിക്കപ്പെട്ടു.

കമ്മ്യൂണിസ്റ്റുകാരും ഹിന്ദുത്വവാദികളും തമ്മിലുള്ള ആശയപരമായ സംവാദങ്ങളിൽ സ്വാമി വിവേകാനന്ദൻ നിറഞ്ഞുനിൽക്കാറുണ്ട്. എന്നാൽ അപൂർവം സന്ദർഭങ്ങളിലേ ഇരുവരും പരസ്പരം സഹകരിച്ചിട്ടുള്ളൂ. സഖാക്കളും സംഘികളും പരസ്പരം സഹായിച്ചതിന്റെ ഫലമായാണ് കവടിയാറിൽ ഒരു വിവേകാനന്ദപ്രതിമ സ്ഥാപിതമായത്. ഉപരാഷ്ട്രപതി പങ്കെടുത്ത പ്രതിമാ അനാച്ഛാദന സമ്മേളനത്തിനു ശേഷം വൻ വിവാദമാണ് പൊട്ടിപ്പുറപ്പെട്ടത്. സ്വാമി വിവേകാനന്ദന്റെ മദ്യപാനമായിരുന്നു പിന്നീട് നടന്ന ചൂടുള്ള ചർച്ച. ഒരു ജനപ്രതിനിധിയുടെ അവഗണിക്കേണ്ട ജല്പനത്തെ ഏറെക്കാലം എല്ലാവരും ആഘോഷിച്ചു. അതേസമയം ആ ചടങ്ങിൽ പങ്കെടുത്ത കൊൽക്കത്ത വിവേകാനന്ദ സർവകലാശാലയുടെ വൈസ്ചാൻസലറും പ്രസിദ്ധ വാഗ്മിയുമായ സ്വാമി ആത്മപ്രിയാനന്ദയുടെ മുഖ്യപ്രഭാഷണം തീർത്തും അവഗണിക്കപ്പെട്ടു.

ലോകത്തിന്റെയോ ഭാരതത്തിന്റെയോ ഇതരഭാഗങ്ങളിലൊന്നും കാണാൻ കഴിയാത്ത മറ്റൊരു സവിശേഷതയും കേരളത്തിന്റെ തലസ്ഥാന നഗരിയിൽ നടന്നു. സ്വാമി വിവേകാനന്ദന്റെ പ്രതിമ മാത്രമല്ല, അദ്ദേഹം ഇരുന്നുവെന്നും കിടന്നുവെന്നും പ്രചരിപ്പിക്കപ്പെട്ട കരിങ്കൽ ശിലാപാളി വരെ പൂവിട്ടു പൂജിച്ചു. സ്വാമി വിവേകാനന്ദൻ ഒരിക്കൽ കൂടി കേരളം സന്ദർശിച്ചാൽ 'ദൈവത്തിന്റെ സ്വന്തം നാടി'നെക്കുറിച്ച് അദ്ദേഹം എന്തു പറയും?

സ്വാമി വിവേകാനന്ദന്റെ വത്സലശിഷ്യനായ സ്വാമി ബോധാനന്ദന്റെ അനുഭവം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഗുരുവിന്റെ അന്ത്യദിനങ്ങളിൽ അദ്ദേഹത്തെ ശുശ്രൂഷിച്ചു കൊണ്ടിരിക്കുകയായിരുന്നു ശിഷ്യൻ. പെട്ടന്ന് ശിഷ്യന്റെ മനസ്സിലൂടെ ഒരു വിചാരം കടന്നുപോയി. അവശനായി കിടന്നിരുന്ന സ്വാമിജി കട്ടിലിൽ നിന്നും ചാടിയെഴുന്നേറ്റ് ഇപ്രകാരം ഗർജ്ജിച്ചുവത്രേ. "എന്റെ മരണ

ത്തിന് ശേഷം എന്റെ ആശയാദർശങ്ങൾക്കു പകരം എന്റെ ചിത്രങ്ങളും പ്രതിമകളുമാണ് നിങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതെങ്കിൽ ഞാൻ ഭൂതമായി വന്ന് നിങ്ങളുടെ കയ്യും കാലും തല്ലിയൊടിക്കും".

വിവേകാനന്ദനാമത്തിന്റയും സൂക്തങ്ങളുടെയും ഉപരിപ്ലവമായ വിനിയോഗത്തിന് ഉപരിയായി ആ മഹാത്മാവ് മുന്നോട്ടുവെച്ച ജീവിതദർശനം ഗുണപരമായ പരിവർത്തനങ്ങൾക്കായി കേരളത്തിൽ പ്രായോഗികമാക്കുന്നുണ്ടോ? വിശദവും വിശകലനാത്മകവുമായ ഉത്തരം ലഭിക്കേണ്ടതായ ചോദ്യമാണിത്. ജനസാമാന്യത്തിന് ആരാധനാസ്വാതന്ത്ര്യം ലഭ്യമാക്കുക എന്ന സ്വാമിജിയുടെ ആദർശം ക്ഷേത്രപ്രവേശനവിളംബരത്തിലൂടെ നടന്നപ്പോൾ മഹാകവി വള്ളത്തോൾ പാടി,

'അയി സ്വാമി വിവേകാനന്ദൻ
തത്ര ഭവാൻ കണ്ട
ഉന്മത്ത കേരളമിതാ
ഉദ്ബുദ്ധ കേരളമാകുന്നു.'

സ്വാമിവിവേകാനന്ദന്റെ കേരള സന്ദർശം (1892) കഴിഞ്ഞ് നാല് പതിറ്റാണ്ട് കഴിഞ്ഞപ്പോഴാണ് 'ആധുനിക കാലത്തെ അത്ഭുതം' എന്ന് ഗാന്ധിജിയാൽ വിശേഷിപ്പിക്കപ്പെട്ട വിളംബരം നടന്നത്. ആ വിളംബരം കേരളത്തിനു മാത്രമല്ല, സമസ്തഭാരതത്തിനും നൽകിയ പ്രതീക്ഷകൾ വളരെ വലുതായിരുന്നു. എന്നാൽ വിളംബരം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും സ്വാമി വിവേകാനന്ദനും ആ മഹാത്മാവിന്റെ ശിഷ്യ-പ്രശിഷ്യന്മാരും വിഭാവനം ചെയ്ത പ്രകാരം കേരളം പ്രബുദ്ധമായിട്ടുണ്ടോ?

നമ്മുടെ നാട് അകപ്പെട്ടിരിക്കുന്ന അപകടസന്ധിയിൽ നിന്നും മോചനം നേടാൻ വിവേകാനന്ദസന്ദേശ പ്രചാരണം തീവ്രമാക്കേണ്ടിയിരിക്കുന്നു. 'വൈദ്യുതാഘാത പ്രതീതി ഉളവാക്കുന്ന ആ വാഗ്വൈഖരിയുടെ ഉടമയെ'-സ്വാമി വിവേകാനന്ദനെ കേരളത്തിലെ യുവജനത അവരുടെ ജീവിത സാരഥിയാക്കേണ്ടിയിരിക്കുന്നു. പൗരുഷത്തിന്റെ പ്രതീകം, ദേശീയതയുടെ പ്രവാചകൻ, സ്വരാജ്യസ്നേഹിയായ സംന്യാസി- എന്നിങ്ങനെയെല്ലാം വാഴ്ത്തപ്പെട്ട സ്വാമി വിവേകാനന്ദന്റെ ജന്മദിനം-ജനുവരി 12-ദേശീയ യുവജന ദിനമായി ആചരിച്ചുവരികയാണല്ലോ. 'മാനവനിർമ്മാണത്തിലൂടെ രാഷ്ട്രപുനരുദ്ധാരണം' എന്ന ചിന്താഗതിയുടെ ആദ്യശില്പി സ്വാമി വിവേകാനന്ദനായിരുന്നു. സ്വാമിജിയുടെ പ്രതീക്ഷകളെല്ലാം യുവജനങ്ങളിലായിരുന്നു. അധികാരക്കൊതിയന്മാർ വെച്ചുനീട്ടുന്ന അമിത പ്രതീക്ഷകളെയും അസ്പഷ്ട സ്വപ്നങ്ങളെയും അവഗണിക്കാൻ നമ്മുടെ നാടിന്റെ യുവജനതയ്ക്ക് കഴിയണമെങ്കിൽ, കവി പാടിയതുപോലെ

'ഈ വീരയുവാവിനെ
ക്ഷണിക്കൂ സമുന്നത
ജീവിത സൗധാ ശിലാ
സ്ഥാപനത്തിനു നിങ്ങൾ'.

ശ്രീരാമകൃഷ്ണപ്രസ്ഥാനം ഉത്തരോത്തരം വളർന്ന നിർമ്മലാനന്ദ കാലഘട്ടത്തിലാണ് (1911- 1938) കേരളത്തിൽ 'വിവേകാദയം' ആരംഭിച്ചത്. സ്വാമി വിവേകാനന്ദന്റെ ജന്മശതാബ്ദി വർഷത്തിൽ (1963-ൽ) വിവേകാനന്ദസാഹിത്യസർവ്വസ്വം മലയാളത്തിലേക്ക് പൂർണ്ണമായും പരിഭാഷപ്പെടുത്തുകയുണ്ടായി. ഭാരതത്തിന്റെ ഭാവി ആത്മീയവും സാംസ്കാരികവുമായ കർമ്മകാണ്ഡത്തിലൂടെ പ്രചോദിപ്പിക്കുന്ന കാര്യത്തിലാണ് വിവേകാനന്ദ സ്വാധീനത മലയാളത്തിൽ പ്രകടമാകുന്നത്. ഗാന്ധിയുഗാരംഭത്തിനു മുൻപേ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ സാമൂഹിക തലത്തിൽ സാർത്ഥകമാക്കുവാൻ കേരളത്തിനു കഴിഞ്ഞത് സ്വാമി വിവേകാനന്ദൻ എന്ന ശക്തിസ്രോതസ്സിലൂടെയായിരുന്നു. ആ ചരിത്രസത്യം മനസ്സിലാക്കി കേരളത്തിലെ സമകാലീന യുവതലമുറ വിവേകാനന്ദസാഹിത്യ സാഗരത്തിലേക്ക് ആഴ്ന്നിറങ്ങുവാനും അതുവഴി വിശ്വമാനവികതയുടെ ദർശനവിഹായസ്സിലേക്ക് പറന്നുയരുവാനുള്ള പരിശീലനം ആർജ്ജിക്കേണ്ടിയിരിക്കുന്നു.